## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1298** **11.06.2019 -ൽ മറുപടിയ്ക്ക്**

### സൗജന്യയൂണിഫോം നൽകുന്ന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ** | | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് എൽ.പി.,യു.പി സ്കൂൾ കുട്ടികൾക്ക് സൗജന്യമായിയൂണിഫോം നൽകുന്ന പദ്ധതി ഹൈസ്കൂളുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;<br>ബി) സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന കുട്ടികൾക്ക് കൂടി ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന് പ്രതിവർഷം എന്ത് ചെലവ് വരുമെന്ന് വ്യക്തമാക്കുമോ; ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിക്കുമോ; വിശദാംശം നൽകുമോ;<br>സി) വരുന്ന അദ്ധ്യയനവർഷത്തിൽ തന്നെ ഈ പദ്ധതി ഹൈസ്കൂൾ തലത്തിൽ നടപ്പിലാക്കുമോ എന്നറിയിക്കാമോ? | എ)<br>ബി)<br>&<br>സി) | സർക്കാർ എയ്ഡഡ് മേഖലയിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും യൂണിഫോം വിതരണം ചെയ്യുന്നതിനാവശ്യമായ തുണിയുടെ ഉത്പാദനം നടത്തുന്നതിനുള്ള കേരളത്തിലെ കൈത്തറി മേഖലയുടെ ഉത്പാദന ക്ഷമത , വേണ്ടിവരുന്ന അധിക ചിലവ് എന്നിവ കണക്കാക്കിയിട്ടില്ല. നിലവിൽ വിതരണം ചെയ്യുന്നതിന് പുറമെ 9,10 ക്ലാസ്സുകളിലേയ്ക്കുകൂടി സൗജന്യയൂണിഫോം പദ്ധതി വ്യാപിപ്പിക്കുന്നപക്ഷം അതിന്റെ അധിക ചിലവ് സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരും . ഇതിന് കേന്ദ്ര സഹായം ലഭിക്കുന്നതല്ല. കേരളത്തിലെ കൈത്തറി മേഖലയുടെ ഉത്പാദനക്ഷമതയും ആവശ്യമായ അധിക ചെലവും പരിശോധിച്ചശേഷം മാത്രമെ ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ നിർവാഹമുള്ളൂ. |

സെക്ഷൻ ഓഫീസർ